CYAN MAGENTA YELLOW BLACK



# കൂച്ചുവിലങ്ങിടപ്പെട്ട മുഖ്യമന്ത്രിക്കു കീഴിൽ ഭരണസ്തംഭനം പൂർണം

**കെ. എം. മാണി**

**പാ**ർട്ടി തലത്തിലും ഭരണതലത്തിലും സിപിഎം നേതൃത്വം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന് കൂച്ചുവിലങ്ങിട്ടതോടെ സംസ്ഥാനത്തെ ഭരണസ്തംഭനം പൂർണമായിരിക്കുന്നു എന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി എം.എൽ.എ. ആരോപിച്ചു.

യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭരണസ്തംഭനത്തിനും വിലക്കയറ്റത്തിനുമെതിരെ നടത്തിയ സെക്രട്ടറിയേറ്റ് ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിത്യോപയോഗസാധനങ്ങൾക്കുൾപ്പെടെ ഉണ്ടായിരിക്കുന്ന ക്രമാതീതമായ വിലക്കയറ്റം കൊണ്ട് കേരളീയർ വീർപ്പുമുട്ടുകയാണ്. കുടുംബബജറ്റുകൾ തകർന്നിരിക്കുന്നു. കേന്ദ്രം തരുന്ന ഭക്ഷ്യസാധനങ്ങൾപോലും യഥാസമയം ഏറ്റെടുക്കുവാൻ തയ്യാറാകാത്ത സംസ്ഥാനസർക്കാർ കരിഞ്ചന്തക്കാർക്കു കൂട്ടുനില്ക്കുന്നു. കേന്ദ്രസർക്കാരിനെ ജനങ്ങളുടെ മുന്നിൽ കുറ്റക്കാരായി ചിത്രീകരിക്കുക എന്ന ഗൂഢലക്ഷ്യവും സംസ്ഥാന സർക്കാരിന്റെ അറിഞ്ഞുകൊണ്ടുള്ള ഈ കെടുകാര്യസ്ഥതയ്ക്കു പിന്നിലുണ്ട്.

അഴിമതിക്കെതിരെ യുദ്ധം പ്രഖ്യാപിച്ച് ഇറങ്ങിത്തിരിച്ച മുഖ്യമന്ത്രിയെ അദ്ദേഹത്തിന്റെ പാർട്ടി നേതൃത്വം തന്നെയാണ് അതിൽനിന്നും വിലക്കിയിരിക്കുന്നത്. ഇത് ആരാണ് അഴിമതിക്കാരെന്ന് വ്യക്തമാക്കുന്നു. കേരളം കണ്ട ഏറ്റവും വലിയ അഴിമതിയായ ലാവ്‌ലിൻ അച്യുതാനന്ദനും പിണറായിയും തമ്മിലുള്ള പ്രശ്നമല്ല. മറിച്ച് സംസ്ഥാനത്തെ ബാധിച്ച പൊതുപ്രശ്നമാണ്. അഴിമതിയാണ്. അതിനെ സംബന്ധിച്ച് പിണറായി വിജയൻ



ഭരണസ്തംഭനത്തിനും വിലക്കയറ്റത്തിനുമെതിരെ കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സെക്രട്ടറിയേറ്റ് ധർണ കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി ഉദ്ഘാടനം ചെയ്യുന്നു. പാർട്ടി ചെയർമാൻ സി.എഫ്.തോമസ് എം.എൽ.എ, പ്രൊഫ.എൻ.ജയരാജ് എംഎൽഎ, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ, കൊട്ടാരക്കര പൊന്നച്ചൻ, അഡ്വ.മുഹമ്മദ് ഇക്ബാൽ തുടങ്ങിയവർ സമീപം.

ഉൾപ്പെടെയുള്ളവരെ സിബിഐ പ്രതിചേർത്ത് വിചാരണയ്ക്ക് അനുമതി നേടിയ പശ്ചാത്തലത്തിൽ പൊതുസമൂഹത്തോട് മറുപടി പറയേണ്ട ബാധ്യത സിപിഎം നേതൃത്വത്തിനുണ്ട്. വി.എസ്. അച്യുതാനന്ദനെതിരെ പാർട്ടി തലത്തിൽ നടപടി സ്വീകരിച്ചതുകൊണ്ടു മാത്രം അതവസാനിക്കില്ല എന്നും കെ.എം.മാണി കൂട്ടിച്ചേർത്തു.

കേരളാ കോൺഗ്രസ് (എം) ചെയർമാൻ സി.എഫ്.തോമസ് എംഎൽഎ, പ്രൊഫ.എൻ.ജയരാജ് എം.എൽ.എ, ബേബി ഉഴുത്തുവാൽ, അഡ്വ.കൊട്ടാരക്കര പൊന്നച്ചൻ, അഡ്വ.മുഹമ്മദ് ഇക്ബാൽ, സി.ആർ.സുനു, അഡ്വ.പ്രിൻസ് ലൂക്കോസ്, ബിനു കെ.അലക്സ്, റെജി കുന്നംകോട്, ഉഷാലയം ശിവരാജൻ, സജി കുറ്റ്യാനിമറ്റം, ജയിംസ് തെക്കനാടൻ, സാജൻ തൊടുക, വർക്കല സജീവ്, നസീർ സലാം, ബിജോയ് പ്ലാത്താനം, ബിജു മുളകുപാടം, സോജി മുക്കാട്ടുകുന്നേൽ, ആയൂർ ബിജു, തോമസുകുട്ടി വട്ടേക്കാട്, ജൂണി തോമസ് കുതിരവട്ടം, ബിജു പൂന്തോട്ടം, സജി മഞ്ഞക്കടമ്പിൽ, പ്രിയേഷ് കെ.മാത്യു, ബിജു ആന്റണി, വി.ആർ.രാജേഷ്, നാസർഖാൻ, സിബി വാഴക്കാലായിൽ, സഹായദാസ് നാടാർ, ബിജു മ്യാലിൽ, ജെസ്മോൻ ചാക്കുണ്ണി, ബേബി മാത്യു കാവുങ്കൽ എന്നിവർ പ്രസംഗിച്ചു.




ധർണയ്ക്കു മുന്നോടിയായി സെക്രട്ടറിയേറ്റിനു മുന്നിലേക്ക് യൂത്ത് ഫ്രണ്ട് (എം) നടത്തിയ മാർച്ച് സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ നയിക്കുന്നു.

# ഭരിക്കാൻ സമയമില്ലാത്ത മന്ത്രിസഭ രാജിവച്ചൊഴിയണം

**സി. എഫ്. തോമസ്**

**സി**പിഎമ്മിലെയും ഇടതുമുന്നണിയിലെയും തമ്മിലടി മൂലം ഭരിക്കാൻ സമയമില്ലാതായിരിക്കുന്ന മന്ത്രിമാർ രാജിവച്ചൊഴിയുകയാണ് വേണ്ടതെന്ന് കേരളാ കോൺഗ്രസ് (എം) ചെയർമാൻ സി.എഫ്. തോമസ് എംഎൽഎ പറഞ്ഞു.

മുഖ്യമന്ത്രിക്കസേര നിലനിർത്താൻ അച്യുതാനന്ദനും അച്യുതാനന്ദനെ താഴെയിറക്കാൻ സിപിഎം മന്ത്രിമാരിൽ ഭൂരിപക്ഷവും കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ്. ഡൽഹിയിൽ പാർട്ടിയുടെ കേന്ദ്രനേതൃത്വത്തിന്റെ അടുത്തേക്കുള്ള മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഘോഷയാത്ര മാത്രമാണ് ഇവിടെ നടക്കുന്നത്. ഇതിനെല്ലാം ശേഷം ഭരിക്കാൻ ഇവർക്ക് സമയം ലഭിക്കുന്നില്ല.

കേരളത്തെ സംബന്ധിച്ച് ചരിത്രത്തിൽ മുമ്പ് ലഭിച്ചിട്ടില്ലാത്ത നിലയിലുള്ള പ്രാതിനിധ്യമാണ് കേന്ദ്രമന്ത്രിസഭയിൽ ലഭിച്ചിരിക്കുന്നത്.

കേരളത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എംപിമാരിൽ വികസനകാഴ്ചപ്പാടുള്ള ചെറുപ്പക്കാരാണ് ഭൂരിപക്ഷവും. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ സമഗ്രവികസനം സാധ്യമാക്കുവാനുള്ള അനുകൂലമായ സാഹചര്യങ്ങളെ സങ്കുചിതമായ രാഷ്ട്രീയതാത്പര്യങ്ങൾകൊണ്ടും അധികാരവടംവലിമൂലവും ഗൗനിക്കുവാൻ കഴിയാത്ത മുഖ്യമന്ത്രിയും കൂട്ടുമന്ത്രിമാരും എത്രയും വേഗം രാജിവച്ച് വൈകിയവേളയിലെങ്കിലും ഈ സംസ്ഥാനത്തെ രക്ഷിക്കണമെന്നും സി.എഫ്.തോമസ് ആവശ്യപ്പെട്ടു.

# പിഎസ്‌സിയെ നോക്കുകുത്തിയാക്കിയുള്ള പിൻവാതിൽ നിയമനം അവസാനിപ്പിക്കണം

**യൂത്ത് ഫ്രണ്ട് (എം)**

**സം**സ്ഥാന പബ്ലിക് സർവീസ് കമ്മീഷനെ നോക്കുകുത്തിയാക്കി ഇടതു സംഘടനകളുടെ ഒത്താശയോടെ നടത്തുന്ന പിൻവാതിൽ നിയമനങ്ങൾ ഉടൻ അവസാനിപ്പിക്കണമെന്ന് കേരളാ യൂത്ത് ഫ്രണ്ട് (എം) കൊല്ലം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് 45 ലക്ഷത്തിലധികം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ തൊഴിലിനായി എംപ്ലോയ്മെണ്ട് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നു. കഴിഞ്ഞ മൂന്നുവർഷത്തെ ദുർഭരണംകൊണ്ട് ഇടതുസർക്കാർ ഈ വലിയ വിഭാഗത്തിന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും തച്ചുതകർത്തിരിക്കുന്നു.

സംസ്ഥാനം വികസനത്തിന്റെ ശവപ്പറമ്പായി മാറിയിരിക്കുന്നു. ഭരണത്തിന്റെ 60 ശതമാനം സമയം പിന്നിടുമ്പോഴും പുതിയതായി ഒരു വ്യവസായ സംരംഭം പോലും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഇടതുസർക്കാർ യുവജനങ്ങളുടെ ഭാവിക്കുമേൽ കരിനിഴൽ വീഴ്ത്തിയിരിക്കുന്നു. ഈ നിലപാടുകൾക്ക് പുറമേയാണ് സർക്കാർ സർവീസുകളിലേക്ക് പിഎസ്‌സിയെ റബർ സ്റ്റാമ്പാക്കിമാറ്റിക്കൊണ്ട് നടക്കുന്ന പുറംവാതിൽ നിയമനങ്ങൾ.

സർക്കാർ പിഎസ്‌സിയോട് തികച്ചും നിഷേധാത്മക സമീപനമാണ് സ്വീകരിക്കുന്നതെന്ന് പിഎസ്‌സി ചെയർമാൻ തന്നെ പരസ്യമായി പറഞ്ഞിരിക്കുന്നു. കേരളത്തിലെ യുവജനങ്ങളോടുള്ള ഇടതുസർക്കാരിന്റെ ഈ വഞ്ചനയ്ക്കെതിരെ രാഷ്ട്രീയവ്യത്യാസമില്ലാതെ എല്ലാ യുവജനസംഘടനകളും അണിചേരണമെന്നും കേരളാ യൂത്ത് ഫ്രണ്ട് (എം) കൊല്ലം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ഉഷാലയം ശിവരാജൻ യോഗം ഉദ്ഘാടനം ചെയ്തു. യൂത്ത് ഫ്രണ്ട് (എം) കൊല്ലം ജില്ലാ പ്രസിഡണ്ട് ബിജു പൂന്തോട്ടത്തിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് ആയൂർ ബിജു, കേരളാ കോൺഗ്രസ് (എം) ജില്ലാ സെക്രട്ടറി കെ.അനിൽ, സജി ജോൺ, സുനു ലോറൻസ്, എൻ.ബ്രഹ്മദാസ്, ബിജു ഡിക്രൂസ്, ജയചന്ദ്രൻ, ഇഞ്ചക്കാട് രാജൻ, അനിൽകുമാർ, അമ്പലത്തുംഭാഗം രാധാകൃഷ്ണൻ, കോട്ടാത്തല ബാഹുലേയൻ എന്നിവർ പ്രസംഗിച്ചു.



നഞ്ചൻകോട്-വയനാട്-നിലമ്പൂർ റെയിൽപാത, മെഡിക്കൽ കോളജ്, ചുരംറോഡിനു ബദലായുള്ള സമാന്തര പാത, ട്രൈബൽ യൂണിവേഴ്സിറ്റി, വയനാട് കാർഷിക പാക്കേജ് തുടങ്ങി വയനാട് ജില്ലയുടെ സമഗ്രവികസനത്തിന് അനിവാര്യമായ പദ്ധതി നിർദ്ദേശങ്ങളടങ്ങിയ നിവേദനം ആക്ഷൻ കമ്മിറ്റി ജനറൽ സെക്രട്ടറിയും കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ടുമായ കെ.ജെ.ദേവസ്യാ, കേന്ദ്രപ്രതിരോധമന്ത്രി ഏ.കെ.ആന്റണിക്കു സമർപ്പിക്കുന്നു. യുഡിഎഫ് ജില്ലാ ചെയർമാൻ പ്രൊഫ.കെ.പി.തോമസ്, കെ.പി.സി.സി.ജനറൽ സെക്രട്ടറി കെ.സി.റോസക്കുട്ടി ടീച്ചർ, മറ്റു യുഡിഎഫ് നേതാക്കളായ ടി.മുഹമ്മദ്, കെ.പി.ദാമോദരൻ, ടി.എസ്.ജോർജ്, കുന്നത്ത് അഷ്റഫ്, പി.പി.അയൂബ്, ഷമീർ അഹമ്മദ്, ടി.എൽ.സാബു എന്നിവർ സമീപം.

CYAN MAGENTA YELLOW BLACK

ചരിത്രം

ഡോ. വെളുത്താട്ട് കേശവൻ

# രീതിശാസ്ത്രപ്രശ്നവും ചരിത്രരചനാ സാമഗ്രികളുടെ അഭാവവും

കേരള ചരിത്രരചനയ്ക്ക് ഒരാമുഖം – 5

ചരിത്രപഠനങ്ങൾക്കുവേണ്ടി ലിഖിതങ്ങളുപയോഗിക്കുമ്പോൾ ഉയർന്നുവരുന്ന മറ്റൊരു രീതിശാസ്ത്ര പ്രശ്നം ശബ്ദാർത്ഥങ്ങളിൽ നിന്നുമപ്പുറത്തുപോയി സങ്കല്പങ്ങളെ ബാധിക്കുന്നതാണ്. ഇതുദാഹരിക്കാൻ കേരള ചരിത്രപഠനത്തിന് ലിഖിതങ്ങളുപയോഗിച്ചതിനെ അല്പം വിസ്തരിച്ചുതന്നെ പരിശോധിക്കേണ്ടി വരും. ക്രിസ്ത്വബ്ദം എണ്ണൂറു മുതല്ക്ക് ഏതാണ്ടു മുന്നൂറുകൊല്ലം കേരളം ഭരിച്ച ചേരന്മാരുടെ ചരിത്രം ഇളങ്കുളം കുഞ്ഞൻപിള്ളയും എം.ജി.എസ്.നാരായണനും എഴുതിയതു പരിശോധിച്ചാൽ ഇതുദാഹരിക്കാം. ഇളങ്കുളത്തിന്റെ കണ്ണിൽ ഒന്ന് രാഷ്ട്രീയ രൂപം, രണ്ട് ചേരസാമ്രാജ്യം അഥവാ "കുലശേഖര സാമ്രാജ്യം" ആയിരുന്നു. എം.ജി.എസ്. അതിനെ വെറുതെ പില്ക്കാല ചേരരാജ്യം എന്നോ മഹോദയ പുരാണ പെരുമാക്കന്മാരുടെ രാജ്യമെന്നോ വിളിച്ചു.

വെറും നിസ്സാരമെന്നു തോന്നാവുന്ന ഈ പേരു മാറ്റത്തിന്റെ അർത്ഥവ്യാപ്തി വലുതാണ്. അതേപോലെ ആ രാജ്യത്തിലെ സാമ്പത്തിക-സാമൂഹ്യ മണ്ഡലങ്ങളിൽ ബ്രാഹ്മണ ഗ്രാമങ്ങൾക്കുണ്ടായ സ്വാധീനം വേണ്ടത്ര മനസ്സിലാക്കാൻ ഇളങ്കുളത്തിനു കഴിയാതെ പോയത് രീതിശാസ്ത്രപരമായ പരാജയമാണ്. ലിഖിതങ്ങളെ സൂക്ഷിച്ച് പഠിച്ച് ഈ പ്രശ്നത്തിൽ നിന്നു രക്ഷപ്പെടാൻ എം.ജി.എസ്സിനു കഴിഞ്ഞു. അതുകൊണ്ട് ജന്മി സമ്പ്രദായത്തെക്കുറിച്ചും ദേവദാസി പാരമ്പര്യത്തെക്കുറിച്ചും മരുമക്കത്തായത്തെക്കുറിച്ചുമൊക്കെ കുറേക്കൂടി ശാസ്ത്രീയമായി മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഇളങ്കുളത്തിന്റെ സങ്കല്പത്തിലെ ഗ്രാമസ്വയംഭരണവും ജനാധിപത്യവും നൂറ്റാണ്ടുയുദ്ധവുമൊക്കെ രീതിശാസ്ത്രപരമായ അപര്യാപ്തതയുടെ ഫലമാണെന്ന് അങ്ങനെ വ്യക്തമായി. പറഞ്ഞുവരുന്നത്, ചരിത്രരചനാ സാമഗ്രിയെന്ന നിലയിൽ ലിഖിതങ്ങളെ സമീപിക്കുമ്പോൾ അക്ഷരങ്ങളും ഭാഷയും പരിചയിച്ചാൽ മാത്രം പോരാ; ചരിത്രത്തിന്റെ രീതിശാസ്ത്രത്തിലും ദർശനത്തിലും അവഗാഹംകൂടി വേണമെന്നാണ്. അതേ പോലെ, കേരളത്തിലെ ലിഖിതങ്ങളുടെ ഭൂമിശാസ്ത്രപരവും കാലക്രമാധിഷ്ഠിതവുമായ പട്ടികകളും പഠനത്തെ കാര്യമായി സഹായിക്കും.



*കേരളത്തിൽ നിന്നും കണ്ടെത്തിയ റോമൻ നാണയങ്ങൾ*

## നാണയങ്ങൾ ചരിത്രത്തിന്റെ തിരുശേഷിപ്പുകൾ

നാണയങ്ങളാണ് കേരളചരിത്രമെഴുതുവാൻ സഹായിക്കുന്ന മറ്റൊരു സാമഗ്രി. വളരെ പിന്നോക്കാവസ്ഥയിലാണ് കേരളത്തെ സംബന്ധിച്ചിടത്തോളം നാണയപഠനം. റോമാസാമ്രാജ്യത്തിലെ നാണയങ്ങൾ കേരളത്തിലെ പലേടങ്ങളിൽനിന്നു കിട്ടിയിട്ടുണ്ടെന്നു നമുക്കറിയാം. അതേപോലെ ഈയിടെ തമിഴ്നാട്ടിലെ പലേടങ്ങളിലായി "സംഘകാല"ത്തേതെന്നു പറയപ്പെടുന്ന ചേരന്മാരുടെ പല നാണയങ്ങളും കിട്ടിയതായി കേൾക്കുന്നു. എന്നാൽ ഇവയെ ചരിത്രപഠനത്തിന് ശരിയായ രീതിയിൽ ഉപയോഗിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ.

കേരളത്തിൽനിന്നു കിട്ടിയിട്ടുള്ള റോമൻ നാണയങ്ങളുടെ വിശദമായൊരു പട്ടികപോലും ആരും തയ്യാറാക്കിയിട്ടില്ല. ഈ നാണയങ്ങളിൽ പലതും തീരെ തേമാനം സംഭവിച്ചിട്ടില്ലാത്തവയാണുപോലും. തീരെ കൈമാറ്റം ചെയ്തിട്ടില്ലാത്തവയാണെന്നാണല്ലോ ഇതിനർത്ഥം. അതേപോലെ പലതിന്റെയും വക്കിന് പതക്കമായോ മറ്റോ മാലയിൽ കോർക്കാൻ പാകത്തിനൊരു തുളയും കാണാം. പണമെന്ന നിലയ്ക്ക്, കൈമാറ്റത്തിനുള്ള ഒരു മാധ്യമമായി, ഇവ ഉപയോഗിക്കപ്പെട്ടിരുന്നില്ലെന്നല്ലേ ഇതൊക്കെ കാണിക്കുന്നത്?

പ്രാകൃതമായൊരു സമൂഹം, വില കല്പിച്ച മിന്നുന്ന പൊന്നെന്ന നിലയിലപ്പുറം ഇവ പോയിരുന്നില്ലെങ്കിൽ റോമൻ വ്യാപാരത്തെയും "ആദ്യകാല വിദേശ" ബന്ധങ്ങളെയുമൊക്കെക്കുറിച്ചു നമ്മുടെ ചരിത്രകാരന്മാർ പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുക്കം മുതൽക്കിങ്ങോട്ടെഴുതി വെച്ചതൊക്കെ പുനർ വിചിന്തനത്തിനു വിഷയമാക്കേണ്ടിവരും. ഈ പദ്ധതിയിൽ "സംഘകാല" ചേരന്മാരുടേതെന്നു പറയപ്പെടുന്ന നാണയങ്ങളുടെ സ്ഥാനമെന്താണ്? വിശദമായ പഠനങ്ങളുടെ അഭാവത്തിൽ ഒന്നും പറഞ്ഞുകൂടാ.

കേരളചരിത്രത്തിലെ തെളിമയാർന്ന രണ്ടാം ഘട്ടമായ മഹോദയപുര ചേരന്മാരുടെ കാലമായ ഒമ്പതു മുതൽ പന്ത്രണ്ടുവരെ നൂറ്റാണ്ടുകളിൽ നിന്നുള്ള ഒരൊറ്റ നാണയം പോലും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. ഏറെ പ്രധാനമാണീ വസ്തുത. ഇന്ത്യാചരിത്രരചനയിൽ ഒരു വഴിത്തിരിവായ "ഇന്ത്യൻ ഫ്യൂഡലിസ"മെന്ന സങ്കല്പമുന്നയിച്ച ആർ.എസ്.ശർമ, ഇന്ത്യയിൽ ഗുപ്തകാലത്തിനുശേഷം നാണയരൂപത്തിലൂള്ള പണത്തിന്റെ ഉപയോഗത്തിൽ വന്നുപെട്ട അപചയത്തെക്കുറിച്ചുപന്യസിച്ചിട്ടുണ്ട്. ഫ്യൂഡൽ സാമ്പത്തിക വ്യവസ്ഥയുമായി ബന്ധമുള്ള ഈ വിശേഷണത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ അവസ്ഥയെ മനസ്സിലാക്കാൻ പറ്റുമോ? അന്വേഷിക്കേണ്ടതാണത്.

ചേരകാലഘട്ടത്തിനു ശേഷം വാണിജ്യത്തിന്റെ ആക്കം കൂടുന്നതോടെ നാണയങ്ങളും വർധിച്ചു. മധ്യകാലത്തിൽ ഉപയോഗത്തിലുണ്ടായിരുന്ന പലതരം നാണയങ്ങളെക്കുറിച്ചും പരാമർശങ്ങളുണ്ട്. ഈ നാണയങ്ങളെക്കുറിച്ച് വേണ്ടത്ര പഠനങ്ങളുണ്ടായിട്ടുണ്ട്. വ്യാപാരബന്ധങ്ങളെക്കുറിച്ചു വിവരം തരുന്ന വിദേശസഞ്ചാരക്കുറിപ്പും മധ്യകാലത്തെ സംസ്കൃത മണിപ്രവാളകൃതികളും പാട്ടുകളുമൊക്കെ എടുത്തുവച്ചു പഠിച്ചാൽ ഇവിടുത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും മധ്യകാലത്തെ ഹിന്ദുസമുദ്ര വാണിജ്യത്തിൽ പശ്ചിമതീരത്തിനുണ്ടായിരുന്ന പങ്കിനെക്കുറിച്ചുമൊക്കെ വ്യക്തമായ ചിത്രം കിട്ടും. ലോകഭൂപടത്തിന്റെ ഭാഗമായി കേരളത്തെ കാണുന്ന പഠനങ്ങൾ വന്നുതുടങ്ങിയിട്ടു പോലുമില്ല.

"മറ്റു രാജ്യങ്ങളിലൊക്കെ സാഹിത്യകൃതികളാണ് ചരിത്രത്തിന്റെ ആധാരശില; ഇന്ത്യയിലാകട്ടെ, പലപ്പോഴും അതൊരു വലയാണ്" എന്നു പറഞ്ഞുകൊണ്ടാണ് നീലകണ്ഠശാസ്ത്രി തന്റെ ചോഴചരിത്രത്തിൽ ചരിത്രരചനാ സാമഗ്രിയെന്ന നിലയ്ക്ക് സാഹിത്യത്തെക്കുറിച്ചുള്ള ചർച്ചയാരംഭിക്കുന്നത്. സാഹിത്യകൃതികളെ ആധാരമാക്കി രചിക്കപ്പെട്ട ചരിത്രഗ്രന്ഥങ്ങളനുശീലിച്ചാൽ ഇതു ശരിയാണെന്നു കാണാം.

പ്രഭവഗ്രന്ഥങ്ങളിൽ കാണുന്നതപ്പടി പരാവർത്തനം ചെയ്തു വച്ചാലതു ചരിത്രമാവില്ലല്ലൊ. ഇങ്ങനെ പരാവർത്തനം ചെയ്തു ചരിത്രമെഴുതത്തക്ക സാഹിത്യകൃതികൾ കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെയില്ല. എന്നാൽ ചരിത്രത്തിന്റെ രീതിശാസ്ത്രം അനുസരിച്ച് വ്യാഖ്യാനിച്ചാൽ കേരള ചരിത്രരചനയ്ക്കുപയോഗിക്കാവുന്ന സാഹിത്യ സാമഗ്രികൾ ധാരാളമുണ്ട്. ഇവിടെയുള്ളവയും പുറത്തുള്ളവയുമെന്ന ബൃഹത്തായ ഒരു തരംതിരിവിൽപെടുത്താം ഇവയെ. ഇവിടെയുള്ളവയിൽതന്നെ വാമൊഴി വഴക്കത്തിന്റെ സൃഷ്ടികളും ലിഖിതപാരമ്പര്യത്തിന്റെ ഉത്പന്നങ്ങളും വെവ്വേറെ കാണേണ്ടവയാണ്.

"സംഘസാഹിത്യ"മെന്ന പേരിലറിയപ്പെടുന്ന തമിഴ്പാട്ടുകൾ ഇതിൽ ആദ്യത്തെ വകുപ്പിൽപെടുന്നു. ആ നിലയ്ക്ക് ഈ കൃതികളെ നോക്കിക്കണ്ട് അപഗ്രഥിക്കുന്ന രീതി അടുത്ത കാലത്ത് തുടങ്ങിയതാണ്. മലയാളത്തിലെ പല നാടൻ പാട്ടുകളും അനുഷ്ഠാനകലകളോടും മറ്റു നാടൻ കലകളോടും ബന്ധപ്പെട്ടതുമായ സമ്പന്നമായൊരു സാഹിത്യഭണ്ഡാഗാരം ചരിത്രകാരന്റെ വിശകലനം കാത്തുകിടക്കുന്നുണ്ട്.

*(തുടരും)*

**കേരളത്തിൽനിന്നു കിട്ടിയിട്ടുള്ള റോമൻ നാണയങ്ങളുടെ വിശദമായൊരു പട്ടികപോലും ആരും തയ്യാറാക്കിയിട്ടില്ല. ഈ നാണയങ്ങളിൽ പലതും തീരെ തേമാനം സംഭവിച്ചിട്ടില്ലാത്തവയാണുപോലും. തീരെ കൈമാറ്റം ചെയ്തിട്ടില്ലാത്തവയാണെന്നാണല്ലോ ഇതിനർത്ഥം. അതേപോലെ പലതിന്റെയും വക്കിന് പതക്കമായോ മറ്റോ മാലയിൽ കോർക്കാൻ പാകത്തിനൊരു തുളയും കാണാം. പണമെന്ന നിലയ്ക്ക്, കൈമാറ്റത്തിനുള്ള ഒരു മാധ്യമമായി, ഇവ ഉപയോഗിക്കപ്പെട്ടിരുന്നില്ലെന്നല്ലേ ഇതൊക്കെ കാണിക്കുന്നത്?**

■ ■ ■

**ഇളങ്കുളത്തിന്റെ സങ്കല്പത്തിലെ ഗ്രാമസ്വയംഭരണവും ജനാധിപത്യവും നൂറ്റാണ്ടുയുദ്ധവുമൊക്കെ രീതിശാസ്ത്രപരമായ അപര്യാപ്തതയുടെ ഫലമാണെന്ന് അങ്ങനെ വ്യക്തമായി. പറഞ്ഞുവരുന്നത്, ചരിത്രരചനാ സാമഗ്രിയെന്ന നിലയിൽ ലിഖിതങ്ങളെ സമീപിക്കുമ്പോൾ അക്ഷരങ്ങളും ഭാഷയും പരിചയിച്ചാൽ മാത്രം പോരാ; ചരിത്രത്തിന്റെ രീതിശാസ്ത്രത്തിലും ദർശനത്തിലും അവഗാഹംകൂടി വേണമെന്നാണ്. അതേ പോലെ, കേരളത്തിലെ ലിഖിതങ്ങളുടെ ഭൂമിശാസ്ത്രപരവും കാലക്രമാധിഷ്ഠിതവുമായ പട്ടികകളും പഠനത്തെ കാര്യമായി സഹായിക്കും.**

■ ■ ■

നാരദൻ

# പതിമൂന്നാം പേജ്

## ഗൗതമിന്റെ വഴി

എല്ലാവരെയും സ്നേഹിക്കണമെന്നു പറയുമ്പോൾ പക്ഷിമൃഗാദികളും അതിൽ പെടുമെന്ന പാഠമൊക്കെ നാം പഠിച്ചിട്ടുണ്ടെങ്കിലും എല്ലാം തരത്തിനു തരംപോലെയാണ്. വേണ്ടി വന്നാൽ വളർത്തും അഥവാ കൊല്ലും. കൂടപ്പിറപ്പുകളോടുപോലും അങ്ങനെയെങ്കിൽപിന്നെ പക്ഷിമൃഗാദികളുടെ കാര്യം പറയണോ?

കാര്യം കാണുന്നതിനു കഴുതക്കാൽ പിടിക്കാൻ നാം തയ്യാറാണെങ്കിലും ആവശ്യം വന്നാൽ കോഴിയുടെ കഴുത്തിനു പിടിക്കാനും പോത്തിന്റെ തലയ്ക്കടിക്കാനുമൊന്നും നമുക്കു മടിയില്ല. ചുമ്മാ മസിലു മുഴപ്പിക്കാനാണീ കൊലപാതകങ്ങളൊക്കെയെന്നോർക്കണം. പാവം മിണ്ടാപ്രാണികൾ!

മസിലു പിടിച്ചിട്ടു നടക്കാതെ വരുമ്പോഴാണു നാം കഴുതയുടെ കാലു പിടിക്കുന്നത്. കഴുതകൾ പൊതുവെ പാവങ്ങളായതുകൊണ്ടു പലതും ചുമക്കും. എന്നാലും അതിനും ഒരു പരിധിയുണ്ടല്ലോ. എന്തായാലും മനുഷ്യരെക്കാൾ നമുക്കു വിശ്വസിക്കാം, പക്ഷികളെയും മൃഗങ്ങളെയും. ആത്മാർത്ഥമായി സ്നേഹിക്കാമെങ്കിൽ അവർ കൂട്ടിനുണ്ട് എന്നതിനു തെളിവാണ് നേപ്പാളിലെ കാഠ്മണ്ഡുവിൽ നിന്നുള്ള വാർത്ത അവിടെ ഗൗതം സപ്കോതയെന്ന ചെറുപ്പക്കാരനു കാക്കകളുമായി സംസാരിക്കാനും കാക്കകളെക്കൊണ്ട് അനുസരിപ്പിക്കാനുമറിയാം. തന്റെ ഈ സവിശേഷത ഗിന്നസ് ബുക്കിൽ രേഖപ്പെടുത്താൻ ഭരണകൂടം സഹായിച്ചില്ലെങ്കിൽ നേപ്പാളിലെ ഏക രാജ്യാന്തര വിമാനത്താവളമായ ത്രിഭുവൻ, കാക്കകളെ ഉപയോഗിച്ചു സ്തംഭിപ്പിക്കുമെന്നു ഭീഷണി മുഴക്കിയിരിക്കുകയാണു ഗൗതം.

ലോകറെക്കോർഡുകൾ രേഖപ്പെടുത്തുന്ന ഗിന്നസ് ബുക്കിൽ തന്റെ കഴിവ് ഉൾപ്പെടുത്താൻ വേണ്ട ചെലവുകൾക്കായി ഗൗതമിന്റെ കൈയിൽ പണമില്ല. ഈ സാഹചര്യത്തിൽ ഗൗതമിന്റെ രക്ഷയ്ക്കു സ്വന്തം കാക്കകൾ മാത്രം. മൂന്നു മാസത്തിനകം നടപടി വേണമെന്നാണു ഗൗതമിന്റെ ആവശ്യം. ഗൗതമിനു കാക്കകളെപ്പോലെ ശബ്ദമുണ്ടാക്കാനും അതുവഴി അവയുമായി ആശയവിനിമയം നടത്താനും ഇച്ഛാനുസരണം അവയെ പറത്താനും തിരിച്ചുവിളിക്കാനും കഴിയുമത്രെ. കഴിഞ്ഞവർഷം ടണ്ഡിഖേൽ മൈതാനത്ത് ആയിരക്കണക്കിനു കാക്കകളെയാണു ഗൗതം വിളിച്ചുവരുത്തിയത്.





സുഹൃത്തുക്കളേ, ഒന്നോ രണ്ടോ പട്ടിയോടും പൂച്ചയോടും കൂട്ടുകൂടിയിട്ടു കാര്യമില്ല. ആയിരക്കണക്കിന് ആനകളെയും പുലികളെയും കുരങ്ങുകളെയും ഈനാംപേച്ചികളെയും മരപ്പട്ടികളെയും മറ്റും ഒരുമിച്ചു കൂട്ടാൻ എത്രയും വേഗം കരുത്താർജിക്കുക. അല്ലെങ്കിൽ നമ്മൾ തോറ്റുപോകും.

◆

## മൂത്രം കളയാൻ വരട്ടെ !

മൂത്രത്തിന്റെ ഔഷധഗുണത്തെക്കുറിച്ച് കുറച്ചുപേരെങ്കിലും കേട്ടിട്ടുണ്ടാവും. മൂത്രം കുടിച്ചിരുന്ന ഒരു മുൻപ്രധാനമന്ത്രിയെ മറക്കാൻ കാലമായിട്ടില്ല. എന്നിരുന്നാലും, മൂത്രം എന്നു കേൾക്കുമ്പോഴേ മൂക്കുപൊത്തുന്നവരാണധികവും. എന്നാൽ കേട്ടോളൂ മൂത്രം അങ്ങനെ വെറുതെ കളയാനുള്ളതല്ല. മൂത്രം കൊണ്ടു കാർ ഓടിക്കാമത്രെ. പെട്രോളും ഡീസലുമൊന്നും ഇനി വേണ്ടായെന്നു സാരം.

മൂത്രത്തിൽ നിന്നു വേർതിരിച്ചെടുക്കുന്ന ഹൈഡ്രജനാണ് പുതിയ കാറിൽ ഇന്ധനമാവുക. നിക്കൽ കൊണ്ടുള്ള ചാലകം ഉപയോഗിച്ച് ചെറിയ വൈദ്യുതി കടത്തിവിട്ടാൽ മൂത്രത്തിൽ നിന്നു ഹൈഡ്രജൻ വാതകം പുറത്തുവരും. അതു കത്തിച്ചാൽ വണ്ടിയോടും. വണ്ടിയോടിക്കാൻ മാത്രമല്ല, വീട്ടിൽ വെള്ളം ചൂടാക്കാനും അടുപ്പു കത്തിക്കാനുമെല്ലാം മൂത്രത്തിൽ നിന്നുള്ള ഹൈഡ്രജൻ ഉപയോഗിക്കാമെന്നാണ് ന്യൂയോർക്കിലെ ഹൊയോ സർവകലാശാലാ പ്രൊഫസർ ജെറാഡിൻ ബോട്ടെ പറയുന്നത്.

കാലാന്തരത്തിൽ നമ്മുടെ മൂത്രപ്പുരകളും മൂത്രപ്പുരകളിൽ നിന്നുള്ള ദുർഗന്ധവും ഇല്ലാതാകും എന്നു കരുതാം. കാറുകളുടെയും സ്കൂട്ടറുകളുടെയുമൊക്കെ ഉപയോഗം വല്ലാതെ വർധിച്ചുവരുന്ന കാലഘട്ടത്തിൽ ആരുടെയും ഒരു തുള്ളി മൂത്രം പോലും ഇനി പാഴാകുകയില്ല. മൂത്രമോഷണത്തിനുപോലും സാധ്യതയുണ്ട്. സ്വന്തം വണ്ടിക്ക് സ്വന്തം മൂത്രം തികയണമെന്നില്ലല്ലോ. അതുകൊണ്ട് ആളുകളെ തട്ടിക്കൊണ്ടുപോയി തടഞ്ഞുവച്ച്, ഭീഷണിപ്പെടുത്തി മൂത്രം കളക്ടു ചെയ്യാനുള്ള സാധ്യത തള്ളിക്കളയാനൊക്കില്ല. പോലീസുവണ്ടിക്കു പേടിക്കേണ്ട. സ്റ്റേഷനിൽ വരുന്നവനെയൊക്കെ പേടിപ്പിച്ചു മുള്ളിക്കുന്നവരാണല്ലോ അവർ.

നമ്മുടെ മുനിസിപ്പിലാറ്റികളിലെ മൂത്രപ്പുരകളെല്ലാം ആറ്റിലേക്കും തോട്ടിലേക്കും തുറന്നിരിക്കുന്നുവെന്ന പരാതി സാർവത്രികമാണ്. അതിനെല്ലാം ഇനി പരിഹാരമാകും. നമ്മുടെ നാട് ഒരുപരിധിവരെ നന്നാകും, ദുർഗന്ധവിമുക്തമാകും എന്നു പറഞ്ഞാൽ മതിയല്ലോ. ഉപകാരമില്ലാതെ നീളുന്ന പ്രസംഗങ്ങളെ പരിഹസിച്ച് കാളമൂത്രംപോലെയെന്നൊക്കെ നാം പറയും. ഇനി അങ്ങനെയൊന്നും പറയാൻ പാടില്ല. സകല മൂത്രങ്ങളും പ്രധാനമാണെന്നറിയുക.






ആകെ കാണുന്ന ഒരു ഭീഷണി ജലക്ഷാമമാണ്. മൂത്രത്തിനു പിടിച്ചുപറിവന്നാൽ ഉത്പാദനം കൂട്ടേണ്ടി വരും. ഉത്പാദനം കൂട്ടാൻ ഒരു മാർഗമേയുള്ളു. ധാരാളം വെള്ളം കുടിക്കുക. അങ്ങനെ വന്നാൽ ജലക്ഷാമം രൂക്ഷമാകും. മൂത്രത്തിൽ വെള്ളം ചേർത്തു പറ്റിക്കുന്ന വിദ്വാന്മാരെക്കുറിച്ചും ഒരു കരുതൽ കാണുമെന്നു വിശ്വസിക്കട്ടെ.

◆

## മൊഴിയും മറുമൊഴിയും

**ചാണക്യൻ**

കല ജീവിതവൃത്തിയായി സ്വീകരിച്ചിട്ടുള്ളവർക്കു ക്ഷേമനിധി ഏർപെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടെന്നു മന്ത്രി എം. വിജയകുമാർ.

*- പത്രവാർത്ത*

➢ **പക്ഷേ, എന്തുചെയ്യാം, കൊല ജീവിതവൃത്തിയായി സ്വീകരിച്ചവരുടെ എണ്ണമാണ് ഇക്കാലത്തു കൂടിവരുന്നത്.**

* * * * *

സംസ്ഥാനത്ത് അടുത്തിടെ പോലീസ് സ്റ്റേഷനെതിരെ ഉണ്ടായ അക്രമങ്ങൾക്കു പിന്നിൽ ഇടതുയുവജനവിദ്യാർത്ഥി പ്രസ്ഥാനങ്ങളാണെന്ന് ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ നിയമസഭയെ അറിയിച്ചു

*- പത്രറിപ്പോർട്ട്*

➢ **അഭിമാനബോധത്താൽ മന്ത്രിയുടെ മുഖം ജാജ്വല്യമാനമായിക്കാണണം.**

* * * * *

വരുന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിനു മുമ്പ് എൻ.സി.പി, യു.ഡി.എഫിൽ വരുമെന്നു കെ. മുരളീധരൻ.

➢ **ഉമ്മൻചാണ്ടിക്കു വീണ്ടും പണിയായി. ഇനി പഞ്ചായത്തു തെരഞ്ഞെടുപ്പ് എങ്ങനെയും നീട്ടിവയ്പിക്കണ്ടേ?**

* * * * *

എസ്.എൻ.ഡി.പി. യോഗത്തിലെ പുതിയെ വെല്ലുവിളികൾ കാര്യമാക്കുന്നില്ല. കൊമ്പനാനയുടെ പുറത്ത് രണ്ടീച്ചകൾ ഇരിക്കുമ്പോൾ ആനയത് അറിയാൻപോലും പോകുന്നില്ല എന്നതുപോലെയാണതെന്നു വെള്ളാപ്പള്ളി നടേശൻ.

➢ **ഈച്ചവന്നു മൂക്കിൽകേറാതെ നോക്കണേ !**

* * * * *

വീടുകൾ കയറിയിറങ്ങി വീട്ടുകരം കുറച്ചുതരാമെന്നു വാഗ്ദാനം നടത്തി തട്ടിപ്പുനടത്തിയ പഞ്ചായത്തു ജീവനക്കാരനെയും സഹായിയെയും നാട്ടുകാർ തടഞ്ഞുവച്ചു പോലീസിലേല്പിച്ചു.

- പത്രവാർത്ത

➢ **ഇത്രവേഗം നാട്ടുകാരു കേറി കരം കെട്ടുമെന്നു സാധുക്കൾ കരുതിയില്ല.**

* * * * *

മദ്യപാനം ആരോഗ്യത്തിനു ഹാനികരമാണെന്നു പൊതുജനത്തെ ഉപദേശിക്കുന്ന ഡോക്ടർമാരുടെ സംഘടനയായ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന് ചാരിറ്റബിൾ ആക്ട് പ്രകാരം സർക്കാർ ബാർ ലൈസൻസ് നല്കി.

- പത്രവാർത്ത.

➢ **നമ്മൾ വഴിയിലിറങ്ങിനില്ക്കുമ്പോഴാണ് പൊതുജനമാകുന്നത്. പുരയ്ക്കകത്തു കയറിക്കഴിഞ്ഞാൽ എല്ലാവരും സാറന്മാരാണെന്നറിയുക.**

* * * * *

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തു ഭരണം സിപിഎമ്മിലെ ഔദ്യോഗികപക്ഷത്തെ തോല്പിച്ച് വി.എസ്. പക്ഷത്തിന്.

- പത്രവാർത്ത.

➢ **തരംതാഴ്ത്തിയെന്നു പറഞ്ഞാലും വി.എസിന്റെ ഉരം താഴ്ന്നിട്ടില്ലെന്നു നിങ്ങൾ മനസ്സിലാക്കണം.**

* * * * *

ആത്മവിശ്വാസം നഷ്ടപ്പെട്ടാൽ രാഷ്ട്രീയം ഉപേക്ഷിച്ചു വീട്ടിലിരിക്കുമെന്നു കെ. കരുണാകരൻ.

➢ **എന്റെ ഈശ്വരാ, ഈ ആത്മവിശ്വാസികളെക്കൊണ്ടു തോറ്റു!**

* * * * *

അനുസ്മരണം

പ്രിൻസ് രാജ്

# ഇഗ്നേഷ്യസ് ലെയോള

## വിദ്യയുടെ ആഗോളപ്രചാരകൻ (1491-1555)

ആധ്യാത്മികവിശുദ്ധിയിലേക്ക് മനുഷ്യനെ നയിക്കുന്നതിനുള്ള ആദ്യപടി വിദ്യയുടെ വെളിച്ചം മനസ്സിലേക്ക് പകർന്നുനല്കുകയാണെന്ന് വിശ്വസിച്ച് ആ മഹത്തായ കർമത്തിനായി സ്വജീവിതം ഉഴിഞ്ഞുവച്ച സന്യാസി ശ്രേഷ്ഠനായിരുന്നു കാൾസെന്റ് ഇഗ്നേഷ്യസ് ലെയോള. സ്പെയിനിലെ ഗിപുസ്കോവയിലുള്ള അസ്പീഷ്യ പട്ടണത്തിൽ ലെയോളോ കൊട്ടാരത്തിൽ 1491ൽ ഇഗ്നേഷ്യസ് ലെയോള ജനിച്ചു. 13 കുട്ടികളിൽ ഏറ്റവും ഇളയവനായിരുന്ന അദ്ദേഹത്തിന്റെ മുഴുവൻ പേര് ഇനിഗോ ലോപസ് ഡി റിക്കാൾഡെ എന്നായിരുന്നു.



*ഇഗ്നേഷ്യസ് ലെയോള*

16-ാം വയസ്സിൽ കാസ്റ്റീലിലെ രാജകൊട്ടാരത്തിൽ സേവകനായി ജോലിയിൽ പ്രവേശിച്ച അദ്ദേഹത്തിന്റെ ചിന്തകൾ യുദ്ധത്തെക്കുറിച്ചും ചൂതാട്ടം ഉൾപ്പെടെയുള്ള മറ്റ് മാനസ്സികോല്ലാസങ്ങളെപ്പറ്റിയും മാത്രമായിരുന്നു. എന്നാൽ 1521 മെയിൽ നടന്ന ഫ്രഞ്ചുകാർക്കെതിരായ യുദ്ധത്തിൽ ഇഗ്നേഷ്യസിന്റെ വലതുകാൽ തകർന്നു. അനേകം ദിവസങ്ങൾ നീണ്ട ചികിത്സാവേളയിൽ അദ്ദേഹം കിടക്കയിൽ തന്നെ ആയിരുന്നു. ഈ അവസരത്തിൽ ഒട്ടനവധി പുസ്തകങ്ങൾ അദ്ദേഹം വായിച്ചു. ബൈബിളും വിശുദ്ധരുടെ ജീവചരിത്രങ്ങളുമായിരുന്നു അവയിൽ പ്രധാനം. അത് ഇഗ്നേഷ്യസിന്റെ അതുവരെ ഉണ്ടായിരുന്ന ചിന്തകളെയും കാഴ്ചപ്പാടുകളെയും മാറ്റിമറിച്ചു.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും നൈർമല്യവും ആധ്യാത്മികത പ്രദാനം ചെയ്യുന്ന മാനസിക സന്തുഷ്ടിയും തിരിച്ചറിഞ്ഞ അദ്ദേഹം പുതിയ ലക്ഷ്യങ്ങളും മാർഗങ്ങളുമുള്ള ഒരു വ്യക്തിയായി പരിവർത്തനം ചെയ്യപ്പെട്ടു. പരിക്കുകൾ ഭേദമായതിനെത്തുടർന്ന് തന്റെ ഇനിയുള്ള കർമരംഗം ആധ്യാത്മികതയുമായി ബന്ധപ്പെട്ടതാണെന്ന് സ്വയം തിരിച്ചറിഞ്ഞു. അതിനായി ആദ്യം വിശുദ്ധനാടായ ജറുസലേം ലക്ഷ്യമാക്കി യാത്ര തുടർന്നു. യാത്രാമധ്യേ തന്റെ കൈവശം ഉണ്ടായിരുന്ന ആയുധങ്ങളായ കത്തിയും വാളും മറ്റും ബാഴ്സലോണനഗരത്തിലെ ഔവർ ലേഡി ഓഫ് മോൺസെറാത് ദേവാലയത്തിലെ തിരുരൂപത്തിനു മുന്നിൽ വച്ചു. യുദ്ധക്കൊതിയെ മനസ്സിൽ നിന്നു നിഷ്കാസനം ചെയ്ത അദ്ദേഹം നിരാലംബരും അശരണരുമായ മനുഷ്യസമൂഹത്തെ ചൂഴ്ന്നുനില്ക്കുന്ന പ്രതിബന്ധങ്ങൾക്കെതിരെ പോരാടാനായി മനസ്സിനെ പാകപ്പെടുത്തി.

വീണ്ടും യാത്രതുടർന്ന ഇഗ്നേഷ്യസ്, മൻറേസ എന്ന പട്ടണത്തിനു സമീപമുള്ള ഒരു ഗുഹയിൽ പത്തുമാസത്തോളം പ്രാർത്ഥനാനിരതനായി ചെലവഴിച്ചു. പിന്നീട് റോമിലെത്തി പോപ്പ് അഡ്രിയൻ ആറാമനെ സന്ദർശിച്ചു. അതിനുശേഷം ജെറുസലേമിൽ പൗരോഹിത്യ പഠനത്തിനായി ശ്രമിച്ചെങ്കിലും ലാറ്റിൻഭാഷ അറിയാത്തത് തടസ്സമായി. പിന്നെ ലാറ്റിൻഭാഷാ പഠനമാരംഭിച്ചു. രണ്ടു വർഷത്തെ ഭാഷാപഠനം പൂർത്തിയാക്കിയ ഇഗ്നേഷ്യസ് അൽക്കാലാ സർവകലാശാലയിൽ ചേർന്നു. സുഹൃത്തുക്കൾക്കെല്ലാം ആധ്യാത്മിക വെളിച്ചം പകരുന്നതിനായി സുവിശേഷ വ്യഖ്യാനങ്ങൾ പറഞ്ഞുകൊടുത്തു.

എന്നാൽ പുരോഹിതൻമാരല്ലാത്തവർ സുവിശേഷപ്രചാരണം നടത്തുന്നത് വിലക്കിയിരുന്ന അക്കാലത്ത്, ഇഗ്നേഷ്യസിനെ വിചാരണ ചെയ്ത് 42 ദിവസത്തെ തടവു വിധിച്ചു. പിന്നീടദ്ദേഹം സലമാൻക സർവകലാശാലയിലും തുടർന്ന് പാരീസ് സർവകലാശാലയിലും ചേർന്നു. അവിടെ സഹപാഠികളായിരുന്ന ഫ്രാൻസീസ് സേവ്യർ, പീറ്റർ ഫേബർ, സൈമൺ റോഡ്രിഗസ്, അൽഫോൺസോ ബോബഡിയ, ലെയിനസ് എന്നിവർ ഇഗ്നേഷ്യസിന്റെ ആധ്യാത്മിക ചിന്തകളിലും വ്യാഖ്യാനങ്ങളിലും ആകൃഷ്ടരായി. ആധ്യാത്മികതയുടെയും അതിന്റെ ഭാഗമായുള്ള നിസ്വാർത്ഥ മാനവസേവനത്തിന്റെയും മഹത്വം ഉൾക്കൊണ്ട ഈ ആറംഗസംഘം തങ്ങളുടെ ജീവിതം അത്തരം പ്രവർത്തനങ്ങൾക്കായി ഉഴിഞ്ഞുവയ്ക്കുമെന്ന് പ്രതിജ്ഞ ചെയ്തു.

1537ൽ പോപ്പ് പോൾ മൂന്നാമനെ സന്ദർശിച്ച് തങ്ങളുടെ ലക്ഷ്യങ്ങളെക്കുറിച്ചും മറ്റും വിശദീകരിച്ച് അതിനുള്ള അനുമതിയും അനുഗ്രഹവും വാങ്ങി. ഈശോസഭ അഥവാ ജസ്യൂട്ട് എന്ന പേരിൽ പില്ക്കാലത്ത് വിഖ്യാതമായ സന്യാസി സമൂഹത്തിന് 1540 സെപ്റ്റംബർ 27ന് സമാരംഭമായി. സഭയുടെ സുപ്പീരിയർ ജനറൽ ഇഗ്നേഷ്യസ് ലെയോള ആയിരുന്നു. പൊതുവിദ്യാഭ്യാസം, ആധ്യാത്മിക വിദ്യാഭ്യാസം, ആതുര സേവനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഈശോസഭ സജീവമായി. രാജ്യങ്ങളും ഭൂഖണ്ഡങ്ങളും താണ്ടിയുള്ള സഭയുടെ വിദ്യാഭ്യാസ സാമൂഹ്യപ്രവർത്തനങ്ങൾ ഏറെ പ്രകീർത്തിക്കപ്പെട്ടു. സുവിശേഷ പ്രചാരണത്തോടൊപ്പം പീഡകളിൽനിന്നുള്ള മാനവമോചനവും ലക്ഷ്യമാക്കിയ ഒരു മഹാപ്രസ്ഥാനമായി ഇന്നും തലയുയർത്തി നില്ക്കുന്നു.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും നൈർമല്യവും ആധ്യാത്മികത പ്രദാനം ചെയ്യുന്ന മാനസിക സന്തുഷ്ടിയും തിരിച്ചറിഞ്ഞ അദ്ദേഹം പുതിയ ലക്ഷ്യങ്ങളും മാർഗങ്ങളുമുള്ള ഒരു വ്യക്തിയായി പരിവർത്തനം ചെയ്യപ്പെട്ടു. പരിക്കുകൾ ഭേദമായതിനെത്തുടർന്ന് തന്റെ ഇനിയുള്ള കർമരംഗം ആധ്യാത്മികതയുമായി ബന്ധപ്പെട്ടതാണെന്ന് സ്വയം തിരിച്ചറിഞ്ഞു. അതിനായി ആദ്യം വിശുദ്ധനാടായ ജറുസലേം ലക്ഷ്യമാക്കി യാത്ര തുടർന്നു.

1555 ജൂലൈ 31ന് ഇഗ്നേഷ്യസ് ലെയോള അന്തരിച്ചു. 1609 ജൂലൈ 27ന് വാഴ്ത്തപ്പെട്ടവനായും 1622 മാർച്ച് 12ന് വിശുദ്ധനായും പ്രഖ്യാപിക്കപ്പെട്ടു.

7 >>

# വിഷം ചീറ്റുന്ന ശാസനയുടെ അർത്ഥശാസ്ത്രവും രസതന്ത്രവും

യുവാക്കൾക്ക് അനവധി തൊഴിലവസരങ്ങളുണ്ടാവുന്ന പദ്ധതികൾ ഇന്ന് മടക്കത്തപാലിലാണ്. കൊച്ചി സ്മാർട്സിറ്റി പദ്ധതിയുടെ ഭാവിയെന്തെന്ന് ടീകോമിനും ദൈവത്തിനും മാത്രമേ അറിയൂ; സർക്കാർ തത്ക്കാലം കക്ഷിയാവുന്നുമില്ല. മുഖ്യമന്ത്രിയെ പഴിക്കാൻ മാത്രമായി പരാജയത്തിന്റെ ഭാണ്ഡം മുറുക്കുന്നവർ വ്യവസായ മന്ത്രിയെ മറക്കുന്നു. വിദ്യാഭ്യാസ മന്ത്രിയെ പൊറുക്കുന്നു. സഹകരണമന്ത്രിയെ ഭയക്കുന്നു. ആരോഗ്യമന്ത്രിയെ വെറുക്കുന്നു. ധനമന്ത്രിയെ ശപിക്കുന്നു. തോരാമഴയുടെ ആലസ്യത്തിൽ നല്ല മയക്കത്തിലാണ് ബാലനും പാലൊളിയും ദിവാകരനും!

സൈദ്ധാന്തികമായ തീർപ്പുതീരുമാനങ്ങളെ അതിന്റെ വഴിക്കുവിട്ടാലും സാമാന്യനീതിയുടെ പ്രായോഗിക ശാസ്ത്രം സ്വകാര്യതയുടെ സന്ധിഭാഷണമായതാണ് പിബി വഴി സിസിയിലൂടെ ഒരു മുഖ്യമന്ത്രിയെ തകർത്തത്. അധിനിവേശ കാലത്തിന്റെ പ്രതീകാത്മക വിക്രമങ്ങൾ വഴി ജനവഞ്ചനയുടെ അർത്ഥശാസ്ത്രം ചമയ്ക്കാൻ എത്ര പെട്ടെന്നു കഴിഞ്ഞിരിക്കുന്നു വിപ്ലവപ്രസ്ഥാനത്തിന്! സാമ്രാജ്യത്വത്തെ പഴിക്കാനുള്ള അവസരവും ഇതോടെ നഷ്ടമായിരിക്കുന്നു.

അധികരിച്ച വിപ്ലവബോധവും സമ്പുഷ്ടമായ ആത്മബലവും കൊണ്ട് സംസ്ഥാനത്തിന്റെ ജാതകം മാറ്റിക്കുറിക്കാമായിരുന്നിട്ടും പരിമിതികളുടെ തടവറയിൽ തന്റെ ആകാരം മാത്രമല്ല, വിചാരവികാരങ്ങളും വീർപ്പുമുട്ടുന്നുവെന്ന് നല്ല തിരിച്ചറിവുണ്ടായിരുന്നു, അച്യുതാനന്ദന്. മുഖ്യമന്ത്രിയെന്ന നിലയിൽ ഏറ്റെടുത്ത ദൗത്യങ്ങൾ ഒന്നൊന്നായി തകർക്കാൻ കച്ചകെട്ടിയിറങ്ങിയവർക്ക് മുന്നിലെ കൂസലില്ലായ്മ നേതൃത്വത്തെ വല്ലാതെ ചൊടിപ്പിച്ചു. എവിടെയും ഏതുകാര്യത്തിലും മടികൂടാതെ എടുത്തുപ്രയോഗിക്കാൻ വിഭാഗീയതയെ ഒരുക്കിനിർത്തിയവർ കേരളം പതിറ്റാണ്ടുകൾക്ക് പിന്നിലേക്ക് പടികടന്നു പോവുന്നത് കണ്ടതുമില്ല.

യുവാക്കൾക്ക് അനവധി തൊഴിലവസരങ്ങളുണ്ടാവുന്ന പദ്ധതികൾ ഇന്ന് മടക്കത്തപാലിലാണ്. കൊച്ചി സ്മാർട്സിറ്റി പദ്ധതിയുടെ ഭാവിയെന്തെന്ന് ടീകോമിനും ദൈവത്തിനും മാത്രമേ അറിയൂ; സർക്കാർ തത്ക്കാലം കക്ഷിയാവുന്നുമില്ല. മുഖ്യമന്ത്രിയെ പഴിക്കാൻ മാത്രമായി പരാജയത്തിന്റെ ഭാണ്ഡം മുറുക്കുന്നവർ വ്യവസായ മന്ത്രിയെ മറക്കുന്നു. വിദ്യാഭ്യാസ മന്ത്രിയെ പൊറുക്കുന്നു. സഹകരണമന്ത്രിയെ ഭയക്കുന്നു. ആരോഗ്യമന്ത്രിയെ വെറുക്കുന്നു. ധനമന്ത്രിയെ ശപിക്കുന്നു. തോരാമഴയുടെ ആലസ്യത്തിൽ നല്ല മയക്കത്തിലാണ് ബാലനും പാലൊളിയും ദിവാകരനും!

ജനാധിപത്യവും അധികാരവും ഭരണവും ചേർന്നു പാരമ്പര്യത്തിന്റെ സന്തുലിതാവസ്ഥ നഷ്ടമായ സംസ്ഥാന സെക്രട്ടറിയേറ്റിൽ കുമിഞ്ഞുകൂടുന്ന ഫയലുകളിൽ മൃതപ്രായമായ ആത്മാവിന്റെ തേങ്ങലുണ്ട്. ചികിത്സാസഹായം മുതൽ അന്നത്തിനും പ്രാണവായുവിനും വാസസ്ഥലത്തിനും പെൻഷനും വേണ്ടിയുള്ള അപേക്ഷകളും അതിലുണ്ടാവും. കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം ഒന്നേകാൽ ലക്ഷത്തിനുമേലെന്ന് മുഖ്യമന്ത്രി നിയമസഭയെ അറിയിക്കുമ്പോൾ, വിപ്ലവജനാധിപത്യം ഞെട്ടുന്നില്ല. എന്നാലും അനിൽ പനച്ചൂരാൻ പാടിയേക്കാം: നോക്കുവിൻ സഖാക്കളെ നമ്മൾ വന്ന വീഥിയിൽ ആയിരങ്ങൾ ചോരകൊണ്ടെഴുതി വച്ച വാക്കുകൾ! ഭരണമില്ലാത്ത അനാഥാവസ്ഥയിൽ അധികാരസ്ഥാനങ്ങളിലെ അനിശ്ചിതാവസ്ഥ പ്രതിപക്ഷം മാത്രമല്ലിപ്പോൾ ചൂണ്ടിക്കാണിക്കുന്നത്.

പാർട്ടി നേരിട്ടു പ്രശ്നങ്ങളെ അതിന്റെ തനതു ഭാവത്തിൽ നോക്കിക്കാണുമ്പോൾ വലിയ പിഴവു വരുത്തുന്ന സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിന്റെ ചാണക്യതന്ത്രം പുത്തൻ അർത്ഥശാസ്ത്രത്തിന്റെ ത്രിമാന ചേഷ്ടകളുടേതാണ്. ദില്ലിയിലും ബംഗാളിലും കേരളത്തിലും അതിന്റെ സഞ്ചാരപഥം വേറിട്ടതും. ഇത്തരത്തിൽ വ്യത്യസ്ത നിലപാടുകളുടെ വ്യാഖ്യാതാവിനോടാണ് സംസ്ഥാന കമ്മിറ്റിയിൽ വച്ച് ജെ.മേഴ്സിക്കുട്ടിയമ്മ ചോദിച്ചത്: ലാവ്‌ലിൻ കേസിൽ അകപ്പെട്ടത് പിണറായി വിജയൻ അല്ലായിരുന്നെങ്കിൽ നിങ്ങൾ എന്തു നിലപാടെടുക്കുമായിരുന്നു? ഈ ചോദ്യത്തിന്റെ രസതന്ത്രവും അർത്ഥശാസ്ത്രവും ഒരു ഫോറൻസിക് ലാബിനും കണ്ടെത്താനാവില്ല. ബുദ്ധിമാന്മാരെ ജ്ഞാനസ്നാനം ചെയ്തു വിടേണ്ടതുണ്ടല്ലോ മണ്ടൻ മുന്നാപ്പമാർക്കും, അവരുടെ ശിങ്കിടികൾക്കും!




# പാണ്ഡവർക്കെതിരെ വീണ്ടും ഗൂഢാലോചനകൾ

സവ്യസാചി



**ഇതൊക്കെ നടപ്പുള്ള കാര്യമാണോ? ധൃതരാഷ്ട്രർ ഒരു സംശയം ചോദിച്ചു. ഒരു സംശയവും വേണ്ട മഹാരാജാവേ, കർണൻ ഇടയ്ക്കു കയറി പറഞ്ഞു. പെണ്ണിന്റെ പേരിൽ കലഹമുണ്ടാക്കാത്ത ദേവൻമാരുപോലുമില്ല. പിന്നെയല്ലേ പാണ്ഡവർ.**

വിദുരർ പോയിക്കഴിഞ്ഞപ്പോൾ ദുര്യോധനനും കർണനും ധൃതരാഷ്ട്രരുടെ അടുത്തേക്കു മടങ്ങിവന്നു. മകൻ നിറഞ്ഞ പരിഭവത്തോടും സങ്കടത്തോടും കൂടി അച്ഛനോടു ചോദിച്ചു: പിതാശ്രീ, അങ്ങെന്തു ക്രൂരതയാണു ഞങ്ങളോടു കാണിച്ചത്? വിദുരരോടു ചേർന്നു പാണ്ഡവരെ അഭിനന്ദിക്കുകയോ? അങ്ങയുടെ മക്കളുടെ കാര്യം മറന്നുപോയോ? ഇങ്ങനെയൊക്കെ പറയുന്നതു മറ്റുള്ളവർ കേൾക്കുന്നതുകൊണ്ടല്ലേ എല്ലാവരും ഞങ്ങളെപ്പറ്റി കുറ്റം പറഞ്ഞുനടക്കുന്നത്?

ധൃതരാഷ്ട്രർ പറഞ്ഞു: മക്കളേ, നിങ്ങളുടെ അഭിപ്രായം തന്നെയാണെനിക്കും. അതുപക്ഷേ, വിദുരരുടെ മുമ്പിൽ വച്ചു പറയാമോ? അവന്റെ ഹൃദയം നിറയെ പാണ്ഡുപുത്രന്മാരോടുള്ള സ്നേഹമാ. എന്റെ അനുജനായിപ്പോയില്ലേ, എന്തെങ്കിലും പ്രശ്നമുണ്ടായാൽ ജനങ്ങൾ മുഴുവൻ നമുക്കെതിരാകും.

ഒന്നു നിർത്തിയിട്ടു ധൃതരാഷ്ട്രർ ചോദിച്ചു: ആട്ടെ, നിങ്ങളെന്താ മടങ്ങിവന്നത്? ഉള്ളിലിരിക്കുന്നതു തുറന്നുപറയൂ. അച്ഛൻ പരിഹാരമുണ്ടാക്കാം.

പിതാശ്രീ, ദുര്യോധനൻ അവരുടെ ആലോചനകൾ പറഞ്ഞുതുടങ്ങി. നമ്മുടെ പക്ഷക്കാരായ ബ്രാഹ്മണരെ പറഞ്ഞുവിട്ട് പാണ്ഡവർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാക്കണം. അഞ്ചുപേരും കൂടി ഒരുത്തിയെയല്ലേ ഭാര്യയാക്കിവച്ചിരിക്കുന്നത്? കലഹമുണ്ടാകാനുള്ള രണ്ട് പ്രധാന കാരണങ്ങൾ കനകവും കാമിനിയുമാണല്ലോ. പാഞ്ചാലിയുടെ സ്നേഹത്തെക്കുറിച്ച് അവർക്കു സംശയമുണ്ടാകണം. പണ്ടു സുന്ദോപസുന്ദന്മാർ തിലോത്തമയെന്ന പെണ്ണിനുവേണ്ടി തമ്മിൽ തല്ലി ചത്തതുപോലെ ഇവർ പാഞ്ചാലിയുടെ പേരിൽ തമ്മിൽ തല്ലി തകരണം. അതു ഫലിക്കില്ലെന്നു കണ്ടാൽ മറ്റു സുന്ദരിമാരെ അവർക്കോരോരുത്തർക്കും എത്തിച്ചുകൊടുക്കണം. അപ്പോൾ പാഞ്ചാലി വഴക്കുണ്ടാക്കി ഇറങ്ങിപ്പൊക്കോളും.

ദുര്യോധനൻ തന്റെ ബുദ്ധികൗശലമോർത്തു സ്വയം അഭിനന്ദിച്ചു. അരികിൽ കർണനും തലയാട്ടി നിന്നു.

ഇതൊക്കെ നടപ്പുള്ള കാര്യമാണോ? ധൃതരാഷ്ട്രർ ഒരു സംശയം ചോദിച്ചു.

ഒരു സംശയവും വേണ്ട മഹാരാജാവേ, കർണൻ ഇടയ്ക്കു കയറി പറഞ്ഞു. പെണ്ണിന്റെ പേരിൽ കലഹമുണ്ടാക്കാത്ത ദേവൻമാരുപോലുമില്ല. പിന്നെയല്ലേ പാണ്ഡവർ.

മറ്റൊന്നുകൂടിയുണ്ടച്ഛാ, ദുര്യോധനൻ വീണ്ടും പറഞ്ഞു തുടങ്ങി: പാഞ്ചാല രാജാവു ദ്രുപദനു നമ്മൾ ധാരാളം സമ്മാനങ്ങളെത്തിക്കണം. സ്വർണവും തേരും കുതിരയും ആനയുമൊക്കെ അളവില്ലാതെ കൊടുക്കണം. അദ്ദേഹത്തിന്റെ മക്കൾക്കും മന്ത്രിമാർക്കും ഒക്കെ കൊടുക്കണം. അപ്പോൾ അദ്ദേഹം നമ്മുടെ പക്ഷത്താകും. ഒന്നുകിൽ പാണ്ഡവരെ അവിടെ നിന്നു പുറത്താക്കും. അല്ലെങ്കിൽ പാണ്ഡവരെ പാഞ്ചാല രാജ്യത്തുതന്നെ തളച്ചിടണം. ഹസ്തിനപുരത്തേക്കു വരുന്നത് അപകടമാണെന്നു ദ്രുപദൻ തന്നെ പാണ്ഡവരെ ഉപദേശിക്കട്ടെ.

തന്റെ അഭിപ്രായങ്ങൾ അച്ഛനു നന്നെ ബോധിക്കുന്നുണ്ട് എന്ന ആത്മവിശ്വാസത്തോടെ ദുര്യോധനൻ തുടർന്നു: അച്ഛാ, മറ്റൊരു തന്ത്രം കൂടിയുണ്ട്. പാണ്ഡവരുടെ ബലം ഭീമനാണ്. അവൻ പിന്നിലുണ്ടെങ്കിലേ പാണ്ഡവർക്കു ശക്തിയുള്ളൂ. അവനില്ലെങ്കിൽ പാണ്ഡവർ സിംഹത്തിന്റെ മുന്നിൽപെട്ട പശുക്കളെപ്പോലെയാകും. ഒരിക്കൽ പ്രമാണകോടിയിൽ വച്ച് അവനു വിഷം കൊടുത്തു നമ്മൾ വെള്ളത്തിൽ മുക്കിയതാണ്. അവൻ രക്ഷപ്പെട്ടു. പിന്നെ അരക്കില്ലത്തിൽ ചുട്ടുകളയാൻ തന്ത്രം മെനഞ്ഞു. അവിടെയും നമ്മൾ വിഡ്ഢികളായി. ഇനിയും അവനെ എങ്ങനെയെങ്കിലും ഇല്ലാതാക്കണം. നേർയുദ്ധത്തിൽ അവനെ തോല്പിക്കാനാവില്ല. ചതിവിലൂടെയേ അതു സാധിക്കൂ. ഇനിയെന്തുവേണമെന്നു കർണൻ പറയട്ടെ.

ദുര്യോധനന്റെ അഭിപ്രായങ്ങൾ കർണന് അത്രയ്ക്കങ്ങു സ്വീകാര്യമായില്ല. കർണൻ പറഞ്ഞു: പാണ്ഡവരെ പരസ്പരം ഭിന്നിപ്പിക്കുക, പാഞ്ചാലരാജാവിനെ കൈക്കൂലികൊടുത്തു വശത്താക്കുക. ഇതൊന്നും നടപ്പില്ല. അവരെ യുദ്ധത്തിൽ തോല്പിക്കുക തന്നെയാണു വേണ്ടത്.

കർണൻ തുടർന്നു: അഞ്ചുപേരും ചേർന്ന് പാഞ്ചാലിയൊരുവളെ ഭാര്യയായി സ്വീകരിച്ചതോടെ അവരുടെ സൗഹൃദം കൂടുതൽ ബലപ്പെട്ടിരിക്കുകയാണ്. എത്ര സുന്ദരിമാർ വേറെ ചെന്നാലും പാഞ്ചാലിയോടുള്ള അവരുടെ സ്നേഹത്തിൽ മാറ്റമുണ്ടാവില്ല. പാഞ്ചാലിയാവട്ടെ, അവർ ആരെന്നും ഏതെന്നും അറിയാതെ അർജുനനെ സ്വയംവരം ചെയ്തവളാണ്. ഇപ്പോൾ എല്ലാം തിരിച്ചറിഞ്ഞു. പാണ്ഡവർ ബന്ധുബലംകൊണ്ടു പ്രബലരായി. ഇനി അവൾ അവരെ ഉപേക്ഷിക്കും എന്നു പറയാൻ യാതൊരു സാധ്യതയും കാണുന്നില്ല.

ഒരൊറ്റ വഴിയേ ഉള്ളൂ. കർണൻ ഉറപ്പിച്ചു പറഞ്ഞു. യുദ്ധം. ഒരിക്കൽ നമ്മൾ തോറ്റുപോയെന്നു കരുതി ഒരിക്കലും വിജയിക്കില്ലെന്നു പറയാനാവുമോ? തോല്‌വിയെ വിജയത്തിലേക്കുള്ള പ്രവേശനമാർഗമായി കരുതി, സേനാ സജ്ജീകരണം ചെയ്തു നമുക്കു പാണ്ഡവരെ തോല്പിക്കാം. ദുര്യോധനു സിംഹാസനം ഉറപ്പിക്കാം. ക്ഷത്രിയർക്കു പറഞ്ഞിട്ടുള്ളതു യുദ്ധമാണ്. കൂടിയാലോചനകളും ഒത്തുതീർപ്പുകളുമല്ല. സമരം ചെയ്യണം. സാഹസം ചെയ്യണം. കർണൻ ആത്മവിശ്വാസത്തോടെ പറഞ്ഞുനിർത്തി.

ഇതുകേട്ടു ധൃതരാഷ്ട്രരുടെ മനം കുളിർത്തു. അദ്ദേഹം കർണനെ അനുമോദിച്ചുകൊണ്ടു പറഞ്ഞു: കർണാ, നീ പറഞ്ഞതു നിനക്കു ചേർന്ന വാക്കുകൾ തന്നെ. ക്ഷത്രിയർ നേടുന്നതു മുഴുവൻ പൗരുഷം കൊണ്ടാണ്. ഭിക്ഷായാചനം കൊണ്ടല്ല. എങ്കിലും നമുക്ക് ഇക്കാര്യത്തിൽ ഭീഷ്മപിതാമഹന്റെയും ദ്രോണഗുരുവിന്റെയും വിദുരരുടെയും അഭിപ്രായം കൂടി ആരായേണ്ടതുണ്ട്. അവരെക്കൂടി വിളിക്കുക.

ദുര്യോധനകർണന്മാരുടെ അഭിപ്രായങ്ങൾ അറിഞ്ഞു ഭീഷ്മർ പറഞ്ഞു: ശരിയാണ്, ക്ഷത്രിയർ വിജയം നേടുന്നത് ആയുധങ്ങൾ കൊണ്ടാണ്. പക്ഷേ, ഇവിടെ ഒരു വ്യത്യാസമുണ്ട്. തർക്കം ഒരേ കുടുംബത്തിലെ അംഗങ്ങൾ തമ്മിലാണ്.

ഹേ ധൃതരാഷ്ട്രാ, ഗാന്ധാരീപുത്രന്മാരെപ്പോലെ കുന്തീപുത്രരും എനിക്കും നിനക്കും മക്കളാണ്. അവർ രണ്ടുകൂട്ടരുടെയും സുഖൈശ്വര്യങ്ങൾ ഉറപ്പിക്കാൻ നമുക്കു കടമയുണ്ട്. രാജ്യം തന്റെ പിതൃസ്വത്താണെന്നു ദുര്യോധനൻ അവകാശപ്പെടുന്നു. അതേ അവകാശം തന്നെയാണു പാണ്ഡവർക്കുമുള്ളത്. അതുകൊണ്ടു രാജ്യം രണ്ടുകൂട്ടർക്കുമായി നമുക്കു പകുത്തു നല്കാം. അങ്ങനെ ശാന്തിയും സമാധാനവും പുലരട്ടെ.

മറിച്ച്, പുത്രസ്നേഹം കൊണ്ടു മതിമറന്നു നീ പാണ്ഡവരെ ദ്രോഹിച്ചാൽ, ലോകം നിന്നെ കുറ്റപ്പെടുത്തും. ധൃരാഷ്ട്രരുടെ പുറംകണ്ണുകൾ മാത്രമല്ല അകക്കണ്ണുകളും അന്ധമായിരുന്നു എന്നു വരും തലമുറകൾ വിധിയെഴുതും. യശസ്സു നഷ്ടപ്പെട്ട പുരുഷന്റേതിനെക്കാൾ നിന്ദ്യമായ ജീവിതം മറ്റാർക്കാണുള്ളത്? അതുകൊണ്ടു ധൃതരാഷ്ട്രാ, നീ കുരുവംശത്തോടു നീതിചെയ്യുക. രാജധർമം പാലിക്കുക. നീതിമുറകൾ അനുസരിക്കുക. മക്കൾക്കെല്ലാം മാതൃകയാവുക. ഭാഗ്യംകൊണ്ടു മാത്രമാണ് ആപത്തിൽ നിന്നു കുന്തിയും മക്കളും രക്ഷപ്പെട്ടത്. ഭാഗ്യം ദൈവമാണ്. ദൈവത്തെ വെല്ലുവിളിക്കാൻ ശ്രമിക്കരുത്. പാണ്ഡവർക്ക് അർധരാജ്യം കൊടുത്തേ മതിയാവൂ. ഭീഷ്മർ പറഞ്ഞുനിർത്തി.

ഇതേ അഭിപ്രായമായിരുന്നു ദ്രോണാചാര്യരുടേതും. അദ്ദേഹം മറ്റൊന്നുകൂടി പറഞ്ഞു. രാജാവേ, സമർത്ഥനായ ഒരു ദൂതനെ മാദ്രദേശത്തേക്കയയ്ക്കണം. രാജാവിനും രാജകുമാരന്മാർക്കും ധാരാളം സമ്മാനങ്ങളും നല്കണം. പാഞ്ചാലരാജാവുമായുള്ള സൗഹൃദം ഹസ്തിനപുരത്തിനു വലിയ നേട്ടങ്ങളുണ്ടാക്കും.

അതുപോലെ വിലയേറിയ ആഭരണങ്ങളും വസ്ത്രങ്ങളും പാഞ്ചാലിക്കും കുന്തിക്കും എത്തിച്ചുകൊടുക്കണം. പാണ്ഡവർ എങ്ങനെയാണു ഹസ്തിനപുരത്തുനിന്നു പുറപ്പെട്ടുപോയതെന്നും പാഞ്ചാലരാജാവിനെ അറിയിക്കണം. പാണ്ഡവർ സമ്മതിക്കുമെങ്കിൽ അവരെ ഇങ്ങോട്ടാനയിക്കാൻ എല്ലാ സജ്ജീകരണങ്ങളോടും കൂടി നമ്മുടെ മന്ത്രിമാരും സേനാധിപന്മാരും പോകട്ടെ. ദുര്യോധനനും ദുശ്ശാസനനും ഒക്കെച്ചേർന്ന് അവരെ വരവേല്ക്കട്ടെ. ഇതു നമ്മുടെ നാടിനും രാജകുടുംബത്തിനും ശ്രേയസ്കരമായിരിക്കും. ദ്രോണാചാര്യർ പറഞ്ഞുനിർത്തി.

ഇടയിൽ കടന്നു കർണൻ അല്പം ചൊടിച്ചുകൊണ്ടു പറഞ്ഞു. ഈ കിഴവന്മാരെല്ലാം പാണ്ഡവപക്ഷപാതികളാണ്. രാജ്യം പകുത്തുകൊടുത്തു സമാധാനമുണ്ടാക്കാമെന്ന് ആരും കരുതേണ്ട. ഹസ്തിനപുരം ദുര്യോധനന് അവകാശപ്പെട്ടതാണ്. അതിൽ നിന്ന് ഒരിഞ്ചുപോലും തട്ടിയെടുക്കാമെന്ന് ആരും മോഹിക്കേണ്ട. അതുകൊണ്ടു മഹാരാജാവേ, യുദ്ധത്തിന് അനുമതി നല്കിയാലും.

കർണന്റെ വിവേകശൂന്യമായ അഭിപ്രായങ്ങൾ കേട്ടു ചെവി പൊത്തിക്കൊണ്ടു ദ്രോണർ ചോദിച്ചു. എന്തസംബന്ധമാണു കർണാ, നീ ഉപദേശിക്കുന്നത്? പാണ്ഡവരെ യുദ്ധത്തിൽ ജയിക്കാമെന്നാണോ നീ കരുതുന്നത്? ഞാൻ കുരുവംശത്തിനു മുഴുവൻ നന്മ വരുന്ന വഴിയാണുപദേശിക്കുന്നത്. നീയാവട്ടെ അവരെ ആപത്തിൽ ചാടിക്കുകയാണ്. കർണാ, ഒരു കാര്യം ഞാൻ ഉറപ്പിച്ചു പറയുന്നു. എന്റെ വാക്കുകൾ ധിക്കരിക്കാനാണു ഭാവമെങ്കിൽ ഏറെ താമസിയാതെ കുരുവംശം തമ്മിൽ തല്ലി മുടിയും.

*(തുടരും)*